**കണ്ണൂർ സർവ്വകലാശാല**
**സെന്റർ ഫോർ പ്രൈവറ്റ് രജിസ്ട്രേഷൻ**
**സ്കൂൾ ഓഫ് ലൈഫ് ലോങ്ങ് ലേണിങ്**

No. SLL1/SLL1- II/183/2024 (I) Kannur; Date:04.09.2024

**പ്രൈവറ്റ് രജിസ്ട്രേഷൻ ഒന്നാം സെമസ്റ്റർ ബി.എ. ഹിസ്റ്ററി/ ബി.എ. പൊളിറ്റിക്കൽ സയൻസ്/ ബി.എ. ഇംഗ്ലീഷ്/ ബി.എ. അറബിക് & ഇസ്ലാമിക് ഹിസ്റ്ററി/ ബി.എ. ഉറുദ്ദു & ഇസ്ലാമിക് ഹിസ്റ്ററി/ ബി.എ. ഇക്കണോമിക്സ്/ ബി.എ. മലയാളം/ ബി.എ. അഫ്സൽ-ഉൽ-ഉലമ/ ബി.ബി.എ/ ബി.കോം ഡിഗ്രി (റഗുലർ - 2023 പ്രവേശനം/ സപ്ലിമെന്ററി - 2020 മുതൽ 2022 വരെയുള്ള പ്രവേശനം ), നവംബർ 2023 സെഷൻ, ഇന്റേണൽ ഇവാല്വേഷനു വേണ്ടിയുള്ള അസൈൻമെന്റ് സമർപ്പിക്കൽ സംബന്ധിച്ച നിർദേശങ്ങൾ (സംക്ഷിപ്തം)**

1. ഒന്നാം സെമസ്റ്റർ ബിരുദം (പ്രൈവറ്റ് രജിസ്ട്രേഷൻ) നവംബർ 2023 (റഗുലർ - 2023 പ്രവേശനം/ സപ്ലിമെന്ററി - 2020 മുതൽ 2022 വരെ പ്രവേശനം) പരീക്ഷകൾക്ക് രജിസ്റ്റർ ചെയ്ത വിദ്യാർഥികൾക്ക് മാത്രമാണ് അസൈൻമെന്റ് സമർപ്പിക്കാൻ അവസരമുള്ളത്.

2. റഗുലർ ഒന്നാം സെമസ്റ്റർ ബിരുദം അസൈൻമെന്റ് സമർപ്പണവേളയിൽ അവ സമർപ്പിക്കാത്ത 2020, 2021, 2022 പ്രവേശനം വിദ്യാർഥികളിൽ സപ്ലിമെന്ററി അസൈൻമെന്റ് സമർപ്പിക്കുന്നവർ ഒന്നാം സെമസ്റ്റർ നവംബർ 2023 സെഷനിലെ അതത് പേപ്പറുകളുടെ പരീക്ഷകൾക്ക് രജിസ്റ്റർ ചെയ്തവരായിരിക്കണം. ടി വിദ്യാർഥികൾ അസൈൻമെന്റിനായി നിശ്ചയിച്ചിരിക്കുന്ന ഫീസിന് പുറമെ, ആകെ പിഴയായി 150 രൂപ കൂടി അടയ്ക്കേണ്ടതുണ്ട്.

3. അസൈൻമെന്റ് സ്വന്തം കൈപ്പടയിൽ വൃത്തിയായി എഴുതി സമർപ്പിക്കേണ്ടതാണ്. ഓൺലൈൻ ആയോ ഇമെയിൽ വഴിയോ ടൈപ്പ് ചെയ്ത് സമർപ്പിക്കുന്നതോ ഫോട്ടോകോപ്പിയോ അനുവദനീയമല്ല.

4. ഉത്തരം ഇംഗ്ലീഷിലോ മലയാളത്തിലോ എഴുതാം. (ഭാഷാവിഷയങ്ങൾ ഒഴികെ)

5. A4 സൈസ് പേപ്പറിൽ മുകളിലും ഇടത് വശത്തും താഴെയും ഒരിഞ്ച് മാർജിൻ വിട്ടതിനു ശേഷം അസൈൻമെന്റ് തയ്യാറാക്കേണ്ടതാണ്. ഉത്തരങ്ങൾ, വൃത്തിയായും ഭംഗിയായും വായിക്കാൻ കഴിയുന്ന തരത്തിൽ നീല/കറുപ്പ് മഷിയിൽ പേന കൊണ്ട് എഴുതേണ്ടതാണ് (നീല മഷി അഭികാമ്യം).

6. എല്ലാ അസൈൻമെന്റും കവറിങ് ഷീറ്റോട് കൂടി സമർപ്പിക്കേണ്ടതാണ്. സർവകലാശാല വെബ് സൈറ്റിൽ അസൈൻമെന്റ് ചോദ്യങ്ങളോടൊപ്പമുള്ള കവറിങ് ഷീറ്റ് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാം. ഓരോ പേപ്പറിന്റെ അസൈൻമെന്റിനും പ്രത്യേകം കവറിങ് ഷീറ്റ് അടക്കം ചെയ്യേണ്ടതാണ്. കവറിങ് ഷീറ്റ് പൂരിപ്പിച്ച് ഒപ്പുവച്ച് (പേര് എഴുതേണ്ടതില്ല) സമർപ്പിക്കേണ്ടതാണ്.

7. എല്ലാ പേപ്പറുകളുടെയും അസൈൻമെന്റിനൊപ്പമുള്ള കവറിങ് ഷീറ്റിൽ എൻറോൾമെന്റ് നമ്പർ കൃത്യമായും വൃത്തിയായും വായിക്കാവുന്ന തരത്തിലും എഴുതേണ്ടതാണ്. എല്ലാ കവറിങ് ഷീറ്റിലും എഴുതിയിരിക്കുന്ന എൻറോൾമെന്റ് നമ്പർ ശരിയാണ് എന്ന് ഉറപ്പാക്കേണ്ടതാണ്. കവറിങ് ഷീറ്റ് ഇല്ലാത്തതോ ഡിക്ലറേഷൻ ഒപ്പ് വയ്ക്കാത്തതോ ആയ അസൈൻമെന്റ് മൂല്യനിർണയം ചെയ്യുന്നതല്ല.

8. കൈകൊണ്ട് പകർത്തി എഴുതി തയ്യാറാക്കിയ കവറിംഗ് ഷീറ്റ് ഉപയോഗിക്കരുത്. വെബ് സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്ത കോപ്പി പൂരിപ്പിച്ച് ഉപയോഗിക്കാം.

9. കവറിങ് ഷീറ്റിൽ എഴുതുന്നതിനു പുറമേ, അസൈന്മെന്റിന്റെ തുടക്കത്തിലും പേപ്പറിന്റെ (കോഴ്സ്) പേര് വ്യക്തമായി എഴുതിയിരിക്കണം. അതിനു ശേഷം നിശ്ചിത ചോദ്യവും അതിന്റെ ഉത്തരവും എന്ന ക്രമത്തിൽ അസൈൻമെന്റ് തയ്യാറാക്കി സമർപ്പിക്കാം. ചോദ്യങ്ങൾ എടുത്തെഴുതിയതിന് താഴെ ഉത്തരങ്ങൾ എഴുതേണ്ടതാണ്.

10. കവറിങ് ഷീറ്റിൽ രേഖപ്പെടുത്തിയ പേരിലുള്ള കോഴ്സിന്റെ (പേപ്പറിന്റെ) അസൈൻമെന്റ് തന്നെയായിരിക്കണം അതോടൊപ്പം ചേർത്തുവയ്ക്കേണ്ടത്. അല്ലാത്തവ മൂല്യനിർണയം നടത്താതെ നിരസിക്കുന്നതും "ABSENT" ആയി പരിഗണിക്കുന്നതുമായിരിക്കും.

11. അസൈൻമെന്റ് ചോദ്യങ്ങൾ കണ്ണൂർ സർവകലാശാല വെബ് സൈറ്റിൽ ACADEMICS - Private registration - Assignment - Assignment Submission ലിങ്കിൽ

ലഭ്യമാണ്. ഓരോ വിഷയങ്ങങ്ങളുടെയും ചോദ്യപേപ്പറിൽ നൽകിയ നിർദേശങ്ങൾ പ്രകാരം അസൈൻമെന്റ് തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

12. പുസ്തകങ്ങളിൽ നിന്നോ ഇന്റർനെറ്റ് സോഴ്സുകളിൽ നിന്നോ അതേപടി പകർത്തി അസൈൻമെന്റ് സമർപ്പിക്കാൻ പാടില്ല. മറ്റു വിദ്യാർഥികളുടെ അസൈൻമെന്റ് കോപ്പി ചെയ്ത് സമർപ്പിക്കുന്നതും അവയുടെ പകർപ്പ് ഉപയോഗിക്കുന്നതും ശിക്ഷാർഹമാണ്.

13. ഒരിക്കൽ സമർപ്പിച്ച അസൈൻമെന്റുകൾ തിരുത്താനും വീണ്ടും സമർപ്പിക്കാനും അനുവദിക്കില്ല.

14. അസൈൻമെന്റ് സമർപ്പിക്കാത്ത വിദ്യാർഥികൾ, എക്സ്റ്റേണൽ പരീക്ഷ എഴുതിയാലും, ഗ്രേഡിന് അർഹരല്ല.

15. അസൈൻമെന്റിന് പുനർമൂല്യനിർണയം ഉണ്ടായിരിക്കുന്നതല്ല.

16. ഓരോ അസൈൻമെന്റിനും 60 രൂപ നിരക്കിൽ ഫീസ് ഒടുക്കേണ്ടതാണ്. എല്ലാ പേപ്പറുകളുടെയും അസൈൻമെന്റുകൾക്കായി ആകെ ഫീസ് (ഫൈൻ ഉണ്ടെങ്കിൽ അതും) ഒരു ചെലാനിൽ ഒടുക്കാം. ആകെ ഫീസ് അടച്ചതിന്റെ അസ്സൽ ചെലാൻ രസീത് ഏതെങ്കിലും ഒരു പേപ്പറിന്റെ അസൈൻമെന്റ് കവറിങ് ഷീറ്റിനൊപ്പം സമർപ്പിച്ചാൽ മതി. എന്നാൽ, ഫീസ് ഒടുക്കിയ വിവരം, എല്ലാ കവറിങ് ഷീറ്റിലും രേഖപ്പെടുത്തേണ്ടതാണ്.

17. ഓരോ കോഴ്സിന്റെയും (പേപ്പർ) അസൈൻമെന്റ് കട്ടിയുള്ള വെള്ള നൂലു (Twine) കൊണ്ട് ടാഗ് ചെയ്യണം. സ്പൈറൽ ബൈൻഡിങ്, ഹാർഡ് ബൈൻഡിങ്, ലാമിനേഷൻ അനുവദനീയമല്ല. പ്ലാസ്റ്റിക് ഷീറ്റ്, പ്ലാസ്റ്റിക് സ്റ്റിക്ക്, പ്ലാസ്റ്റിക് കവർ എന്നിവയും ഉപയോഗിക്കാൻ പാടില്ല. എല്ലാ പേപ്പറുകളുടെയും അസൈൻമെന്റുകൾ, മേൽപ്പറഞ്ഞ പ്രകാരം ടാഗ് ചെയ്തതിനു ശേഷം, ഒരു കവറിൽ ഇട്ട് സമർപ്പിക്കണം. കവറിന്റെ പുറത്ത് പ്രോഗ്രാമിന്റെ പേരും എൻറോൾമെന്റ് നമ്പറും എഴുതേണ്ടതാണ്.

**18.** തയ്യാറാക്കിയ അസൈൻമെന്റ് ഡയറക്ടർ സ്കൂൾ ഓഫ് ലൈഫ് ലോങ് ലേണിങ് കണ്ണൂർ സർവകലാശാല താവക്കര സിവിൽ സ്റ്റേഷൻ പി ഒ കണ്ണൂർ 670002 എന്ന വിലാസത്തിൽ **09.10.2024 തീയ്യതിക്കുള്ളിൽ ലഭിക്കത്തക്കവിധം** റജിസ്ട്രേഡ് തപാലിലോ പാർസലായോ കുറിയർ വഴിയോ **അയക്കേണ്ടതാണ്.**

19. അസൈൻമെന്റ് നേരിട്ട് സമർപ്പിക്കുന്നവർ, സർവ്വകലാശാല താവക്കര ക്യാംപസിലെ സ്റ്റുഡന്റ്സ് അമിനിറ്റി സെന്ററിലെ സ്കൂൾ ഓഫ് ലൈഫ് ലോങ്ങ് ലേണിങ് -ൽ ചുവടെ ചേർത്ത പട്ടിക പ്രകാരം വിവിധ പ്രോഗ്രാമുകൾക്കായി നിശ്ചയിക്കപ്പെട്ട ദിവസങ്ങളിലാണ് സമർപ്പിക്കേണ്ടത്. (മറ്റു ദിവസങ്ങളിൽ അസൈൻമെന്റ് നേരിട്ട് സ്വീകരിക്കുന്നതല്ല.)

| നം. | പ്രോഗ്രാം | അസൈൻമെന്റ് നേരിട്ട് സമർപ്പിക്കേണ്ട തീയ്യതി |
|---|---|---|
| 1 | ➢ ബി.കോം (കോ-ഓപ്പറേഷൻ/ മാർക്കറ്റിങ്) | **07.10.2024, തിങ്കൾ** |
| 2 | ➢ ബി.എ അറബിക് & ഇസ്ലാമിക് ഹിസ്റ്ററി<br>➢ ബി.എ ഉർദ്ദു & ഇസ്ലാമിക് ഹിസ്റ്ററി | **08.10.2024, ചൊവ്വ** |
| 4 | ➢ ബി.എ ഇംഗ്ലിഷ്<br>➢ ബി.എ ഹിസ്റ്ററി<br>➢ ബി.എ പൊളിറ്റിക്കൽ സയൻസ്<br>➢ ബി.എ ഇക്കണോമിക്സ്<br>➢ ബി.എ മലയാളം<br>➢ ബി.എ അഫ്സൽ-ഉൽ-ഉലമ<br>➢ ബി.ബി.എ | **09.10.2024, ബുധൻ** |

20. സ്വന്തം കൈപ്പടയിൽ അസൈൻമെന്റ് എഴുതാൻ കഴിയാത്ത, ഭിന്നശേഷിക്കാരായ വിദ്യാർഥികൾ, ഒരു സഹായിയെ ഉപയോഗിച്ച് എഴുതിയോ അല്ലെങ്കിൽ ടൈപ്പ് ചെയ്തോ അസൈൻമെന്റ് സമർപ്പിക്കാം. ഇതിനുള്ള അനുമതിക്കായി, ഭിന്നശേഷി സർട്ടിഫിക്കറ്റിന്റെ പകർപ്പ് സഹിതം ഡയറക്ടർ, സ്കൂൾ ഓഫ് ലൈഫ് ലോങ് ലേണിങ് -ന് ഒരു അപേക്ഷ സമർപ്പിക്കണം. ടി അപേക്ഷയ്ക്ക് അനുമതി ലഭിക്കുന്ന പക്ഷം, ടി അനുമതിയുടെ ഒരു പകർപ്പ് എല്ലാ സെമസ്റ്ററുകളുടെയും അസൈൻമെന്റുകൾക്കൊപ്പം വയ്ക്കേണ്ടതുമാണ്.

21. അവസാന തീയ്യതിക്കകം അസൈൻമെന്റുകൾ സമർപ്പിക്കാത്തവർക്ക് അടുത്ത ബാച്ചിന്റെ കൂടെ ഫൈനോടുകൂടി സമർപ്പിക്കാവുന്നതാണ്. ഇങ്ങനെ സമർപ്പിക്കുന്നവർ, തിയറി പരീക്ഷ വിജയിച്ചവരാണെങ്കിൽ കൂടി, അടുത്ത സെഷൻ പരീക്ഷയിലെ ടി പേപ്പറുകൾക്ക് രജിസ്ട്രേഷൻ ചെയ്തിരിക്കണം.

22. മുകളിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ചല്ലാത്ത അസൈൻമെന്റുകൾ സ്വീകരിക്കുകയോ മൂല്യനിർണയം നടത്തുകയോ ചെയ്യുന്നതല്ല.

SCHOOL OF LIFELONG LEARNING
P. O. CIVIL STATION
KANNUR-670 002
KANNUR UNIVERSITY

ഡയറക്ടർ
സ്കൂൾ ഓഫ് ലൈഫ് ലോങ്ങ് ലേണിങ്

**DIRECTOR**
**SCHOOL OF LIFELONG LEARNING**
**KANNUR UNIVERSITY**